

# സ്രഷ്ടാവായ ദൈവം

1

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

## പാഠം 7

# ദൈവം നമ്മോടു കൂടെ



നമ്മെ സ്നേഹിക്കുന്ന ദൈവം നമ്മോടുകൂടെ ആകുവാൻ ആഗ്രഹിച്ചു. അവിടുന്ന് തന്റെ പുത്രനെ നമുക്കായി അയച്ചു.

നല്ല തണുപ്പുള്ള രാത്രി! ആകാശത്തിൽ നക്ഷത്രങ്ങൾ! എങ്ങും നിശബ്ദത ബേത്ലെഹെമിലെ കാലിത്തൊഴുത്തിൽ ഈശോ ജനിച്ച ആ രാത്രിയിൽ ആട്ടിടയർ മനോഹരമായ ഒരു ഗാനം കേട്ടു. നിരനിരയായി നിന്ന മാലാഖമാർ അവരെ ഒരു സന്തോഷവാർത്ത അറിയിച്ചു.

**ഇതാ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ മിശിഹാ ഇന്നു ജനിച്ചിരിക്കുന്നു. ”**

**ലൂക്കാ 2: 11**



മനുഷ്യനായി പിറന്ന ദൈവപുത്ര
നാണ് ഈശോ. അങ്ങനെ ദൈവം
നമ്മോടുകൂടെയായി

# നമുക്കു പാടാം



ഉണ്ണിപിറന്നു ബസ്ലഹേമിൽ
വന്ദനമരുളാൻ വന്നിടുവിൻ
നിർമലമോദമലിഞ്ഞൊഴുകും
മംഗളഗാനം പാടിടുവിൻ.
നിത്യപിതാവിൻ മാഹാത്മ്യം
ചൂടിവരുന്നൊരു രക്ഷകനെ
താണുവണങ്ങി നമിച്ചിടുവിൻ
താണുവണങ്ങി നമിച്ചിടുവിൻ.



ബേത്ലെഹെമിലെ
കാലിത്തൊഴുത്തിലാണ് ഈശോ ജനിച്ചത്.
ഈശോയുടെ പിറന്നാളാണ്

# ക്രിസ്തുമസ്



ഈശോയുടെ
വളർത്തു
പിതാവാണ്
യൗസേപ്പ്



ഈശോ
യുടെ അമ്മ
യാണ്
മറിയം

# കൈകൾ കൂപ്പാം

മനുഷ്യനായി പിറന്ന ഈശോയേ, മാലാഖമാരോടുകൂടെ ഞങ്ങളും അങ്ങയെ സ്തുതിക്കുന്നു



# മനഃപാഠമാക്കാം

‘വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു’.

യോഹന്നാൻ 1:14

## സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* മനുഷ്യനായി ജനിച്ച ദൈവപുത്ര നാണ് ഈശോ.

* ദൈവം നമ്മോടുകൂടെയായി.

* ഈശോ ജനിച്ചതു ബത്‌ലഹേമിലെ കാലിത്തൊഴുത്തിലാണ്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* നമുക്കുവേണ്ടി മനുഷ്യനായി
അവതരിച്ച ഈശോയെ
നാം സ്നേഹിക്കണം.

# സ്വന്തമാക്കേണ്ട ശീലങ്ങൾ

* ഉണ്ണീശോയെ, ഞാനങ്ങയെ സ്നേഹിക്കുന്നു എന്ന സുകൃതജപം ഇടയ്ക്കിടെ ഉരുവിടും.




THANK
YOU